(ഇ) ഇതിൽ ഏതെല്ലാം പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടെന്നും എന്നേയ്ക്ക് നടപ്പിലാക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) അനുബന്ധം I കണ്ടാലും. †

(ഡി) അനുബന്ധം II കണ്ടാലും. ‡

(ഇ) കാലടിയിലും മലയാറ്റൂരിലും ഓരോ ഇൻഫർമേഷൻ ഓഫീസുകളുടെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള പദ്ധതികൾ പരിശോധിച്ചുവരുന്നു.

ടൂറിസ്റ്റ് കേന്ദ്രമായ വാഴാനി മോടിപിടിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ

110 [3257] ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രമായ തൃശ്ശൂർ ജില്ലയിലെ വാഴാനി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിൽ മോടി പിടിപ്പിക്കുവാൻ ഡി.ടി.പി.സി. എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത നിർദ്ദേശങ്ങൾ സമർപ്പിച്ചത്;

(സി) പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വാഴാനി ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ഡി) ഇല്ലെങ്കിൽ ടൂറിസം വികസന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20-7-2002-ൽ.

(സി) ഇറിഗേഷൻ വകുപ്പിന്റെ സമ്മതം ആവശ്യമാണ്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം

111 [3258] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിനുകീഴിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന വഴിയോര വിശ്രമകേന്ദ്രത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

† അനുബന്ധം VI

‡ അനുബന്ധം VI A

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് എന്നത്തേക്ക് പണി പൂർത്തിയാക്കി വിശ്രമകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് നിർമ്മിക്കുന്ന വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആഗസ്റ്റ് ആദ്യവാരത്തിൽ ടി വിശ്രമകേന്ദ്രത്തിന്റെ ഉദ്ഘാടനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

വിദേശ രാജ്യങ്ങളുടെ സഹായത്തോടെ മത്സ്യകൃഷി

112 [3259] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സഹായത്താൽ സംസ്ഥാനത്തെ ഏതെല്ലാം മേഖലകളിൽ ഏതെല്ലാം മത്സ്യകൃഷികളാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര ഹെക്ടർ സ്ഥലത്ത് ചെമ്മീൻ വളർത്തി വരുന്നു; അതിൽ വിദേശ സഹായത്തോടുകൂടി ചെമ്മീൻ കൃഷി നടത്തുന്നത് എത്ര ഹെക്ടർ സ്ഥലത്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിദേശ സഹായത്തോടുകൂടിയുള്ള മത്സ്യകൃഷി നിലവിലില്ല.

(ബി) 4244.04 ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി നടത്തി വരുന്നു. വിദേശ സഹായത്തോടെയുള്ള ചെമ്മീൻ കൃഷി പദ്ധതി ഇപ്പോൾ നിലവിലില്ല.

ഡോക്ടർ ബാലകൃഷ്ണൻ കമ്മീഷൻ ശുപാർശകൾ

113 [3260] ശ്രീ. ബിനോയ് വിശ്വം :

" പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനം സംബന്ധിച്ച ഡോക്ടർ ബാലകൃഷ്ണൻ കമ്മീഷൻ 1989-ൽ സമർപ്പിച്ച പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 1999-ൽ വീണ്ടും നിലവിൽ വന്ന ഡോക്ടർ ബാലകൃഷ്ണൻ കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ഈ കമ്മീഷനുകളുടെ ശുപാർശകളിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly